# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾതലം

## 2025-26

GWLPS
പുലിച്ചാറക്കുന്ന്

അക്കാദമിക നേട്ടം ലക്ഷ്യമിട്ടുകൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഓരോ പഠനമേഖലകളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രവർത്തനങ്ങളും പദ്ധതികളും ചുവടെ ചേർക്കുന്നു.

## മലയാളം

## ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് വിദ്യാർത്ഥികളെ മികച്ചവായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക.

വായന ഒരു സംസ്കാരമാക്കി മാറ്റിക്കൊണ്ട് നമ്മുടെ വിദ്യാർത്ഥി സമൂഹത്തെ ചിന്തിപ്പിക്കുന്നതിനും വായനയുടെയും എഴുത്തിന്റെയും ലോകത്തേക്ക് നയിച്ച് മികവുറ്റവരാക്കിത്തീർക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക, ഒപ്പം മികച്ച എഴുത്തുകാരെയും സൃഷ്ടിക്കുക. അതോടൊപ്പം പിന്നോക്കാവസ്ഥയിൽ നില്ക്കുന്നവരെ കൂടി മുഖ്യധാരയിലെത്തിച്ച് വായനയുടെയും എഴുത്തിന്റെയും നിറവിലേക്ക് നയിക്കുന്ന മഹത്തായ ഒരു കർമ്മം.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- ക്ലാസ്സ് ലൈബ്രറി ,സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല സന്ദർശനം, അംഗത്വം
- ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാലസഭ
- അമ്മവായന
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായവായനയിൽ വൈദഗ്ദ്യം നേടുക.
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- വായനയും എഴുത്തും പരിപോഷിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, മാഗസിൻ എന്നിവയിലൂടെ എഴുത്ത്, വായന എന്നിവ പരിപോഷിപ്പിക്കുക.
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജമാക്കുക.
- എഴുത്തുകൂട്ടം, വായനക്കൂട്ടം
- ഭാഷാപ്രോജക്ടുകൾ തയ്യാറാക്കിയുള്ള നടത്തിപ്പ്

# മേഖല : അക്കാദമികം

## ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| *ഉച്ചാരണ ശുദ്ധിയോടെയും ഒഴുക്കോടെയുമുള്ള വായന യും അക്ഷര ത്തെറ്റില്ലാത്ത ലേഖനവും ഉറപ്പാക്കുക അതിലൂടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | • പ്രീ ടെസ്റ്റ് നടത്തി പഠനനില വിശകലനം ചെയ്ത് കഴിവുകളും പരിമിതികളും കണ്ടെത്തുന്നു. | ആദ്യ രണ്ടാഴ്ച | A4 | 500/- | HM<br>SSA<br>ക്ലാസ്സ് ടീച്ചേഴ്സ് |
| | • പരിഹാരബോധനത്തിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | | | 25/-Per head | PTA |
| | • മലയാളത്തിളക്കം അധ്യയനവർഷാരംഭം മുതൽ നടത്തുന്നു. | നൂറുശതമാനം തികയും വരെ | ചാർട്ട്, മാർക്കർ | | ക്ലാസ്സ് ടീച്ചർ |
| | • അക്ഷരം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നല്കൽ | | നോട്ടുബുക്ക് | | OSA<br>SSG |
| | • വാക്കുകൾ എഴുതിയ കാർഡ് ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ | | ചിത്രങ്ങൾ | 500/ | OSA |
| | • ചിത്രത്തിന് അടിക്കുറിപ്പ് നല്കൽ | ആഗസ്റ്റ് – സെപ്റ്റംബർ | | | അധ്യാപകർ |
| | • ചിത്രം നിരീക്ഷിച്ച് കഥ പറയാനവസരം | | LCD/US | 100000/- | |

## പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം

   പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.

2. അക്ഷരം ഉറപ്പിക്കൽ

   ചിത്രങ്ങളുടെയും കാർഡുകളുടെയും സഹായത്താൽ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ/ചിഹ്നങ്ങൾ ഉറപ്പിക്കൽ

   ചിത്രങ്ങളുടെ സഹായത്താൽ ചിഹ്നങ്ങളും അടയാളങ്ങളും ഉറപ്പിക്കുന്നു.

4. വാക്കുകളുടെയും അക്ഷരങ്ങളുടെയും രൂപീകരണം

   അക്ഷരകാർഡിലൂടെയും പദകാർഡിലൂടെയും പുതിയ വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു.

5. ചിത്രം-അടിക്കുറിപ്പ്

   ചിത്രം നല്കിക്കൊണ്ട് അടിക്കുറിപ്പ് പറയിക്കുകയും അധ്യാപികയുടെ സഹായത്താൽ എഴുതിക്കുകയും ചെയ്യുന്നു.

6. കഥ-ബാക്കി പറയൽ, എഴുതൽ

   ഒരു കഥയുടെ കുറച്ചുഭാഗം നല്കി ബാക്കി പറയിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു.

7. കഥാപുസ്തകം നല്കൽ

   വായന നടത്തി കുറിപ്പ് തയ്യാറാക്കുന്നു.

8. CD പ്രദർശനം

   ചിത്രങ്ങളും കഥകളുമടങ്ങിയ CD പ്രദർശിപ്പിക്കുന്നു.ഓരോന്നിനെയും കുറിച്ച് പറയാനവസരം നൽകുന്നു.

9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

   പ്രത്യേക പ്രവർത്തന പാക്കേജ് റിസോഴ്സ് അധ്യാപകരുടെ സഹായത്താൽ തയ്യാറാക്കുന്നു.

10. ക്ലാസ്സ് ലൈബ്രറി സജ്ജീകരണം

    കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്താൽ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു.

11. ദിനാചരണങ്ങൾ

    ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്ന തിനുതകുന്ന നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

12. പുസ്തകചർച്ച

    വിദ്യാർത്ഥികൾ,രക്ഷിതാക്കൾ,അധ്യാപകർ എന്നിവരടങ്ങുന്ന സംഘം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നല്കിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ,ഇഷ്ടപ്പെടാൻ കാരണം, സ്വാധീനം എന്നിവ പങ്കുവയ്ക്കൽ

13. ക്ലാസ്സ് സഭ, സ്കൂൾസഭ, ബാലസഭ

ഓരോ ക്ലാസ്സിലും ബാലസഭ രൂപീകരണം,യോഗം സംഘടിപ്പിക്കൽ,സൃഷ്ടികൾ പരിചയം,പ്രകാശനം,അവതരണം.

14. വിദ്യാരംഗം കലാസാഹിത്യവേദി

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്യൽ,സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്തൽ,വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ

15. ആകാശവാണി ക്ലബ്ബ്

കുട്ടികളുടെ സർഗ്ഗ വാസനകൾ പരിപോഷിപ്പിക്കത്തക്കരീതിയിൽ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട്ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാർക്ക് പ്രോത്സാഹനം.

16. വായനാസാമഗ്രികളുടെ നിർമ്മാണം,ശേഖരണം

കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കുട്ടികൾത്തന്നെ വികസിപ്പിച്ചെടുക്കുന്ന സാമഗ്രി.കുട്ടികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും പങ്കാളിത്ത ത്തോടെ രചനാശില്പശാലകൾ സംഘടിപ്പിക്കൽ, സന്ദർഭോചിതമായി സാഹിത്യകാരന്മാരുടെ സേവനം ഉറപ്പാക്കൽ

17. കാവ്യകേളി

വിവിധ കാലഘട്ടത്തിലുള്ള കവിതകളുടെ ശേഖരണം, ക്ലാസ്സ് തലത്തിലും സ്കൂൾതലത്തിലുമുള്ള ആലാപനം. ഗ്രൂപ്പടിസ്ഥാനത്തിലും ക്ലാസ്സ് അടിസ്ഥാനത്തിലു മുള്ള മത്സരം

18. നാടൻ പാട്ടും നാടൻ ശീലുകളും

നാടൻ പാട്ടുകളുടെ ശേഖരണം, അവതരണം, താളം, ചുവടുവയ്പ്പ് എന്നിവ മനസ്സിലാക്കൽ ,നാടൻ പാട്ടുകളുടെ പ്രാധാന്യംതിരിച്ചറിയൽ, നാടൻശീലുകളുടെ അർത്ഥവും വ്യാപ്തിയും മനസ്സിലാക്കൽ. വിദഗ്ധരുടെ ക്ലാസ്സ് ഏർപ്പെടുത്തൽ.

19. വ്യക്തിഗതരചന,സംഘരചന

കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തുന്നു. പുസ്തകങ്ങൾ തയ്യാറാക്കുന്നു.

20. രചയിതാക്കളെ പരിചയപ്പെടൽ

അസംബ്ലിയിൽ രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ , രചയിതാവിനെ ക്കുറിച്ച് ശേഖരിച്ച വിവരങ്ങൾപറയൽ, പങ്കുവയ്ക്കൽസംഭാവന ചെയ്ത കൃതികൾ, കുറിപ്പുകൾ, എന്നിവ പങ്കുവയ്ക്കൽ

21. ഇൻലന്റ് മാഗസിൻ,ചുമർപത്രിക,പതിപ്പ്

സർഗ്ഗവാസന,വായന,എഴുത്ത് ഇവ വികസിപ്പിക്കാൻ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ഇവ തയ്യാറാക്കൽ .പ്രകാശനം.

22. ഭാഷാപ്രോജക്ട്

ഭാഷ കൂടുതലറിയാനും വായനയുടെയും എഴുത്തിന്റെയും ആഴത്തിലിറങ്ങി ചെല്ലാ നും ഉതകുന്ന വിവിധ ഭാഷാപ്രോജക്ടുകൾ ചെയ്യുന്നു.

# ഇംഗ്ലീഷ്

## ഇംഗ്ലീഷ് ഭാഷയിലുള്ള പിന്നോക്കാവസ്ഥ പരിഹരിച്ച് കുട്ടികളെ മുൻനിരയിലേക്കെത്തിച്ച് വായനയും എഴുത്തും പരിപോഷിപ്പിക്കുക

ഉന്നത പഠന മേഖലയിൽ ഇംഗ്ലീഷിനുള്ള പ്രാധാന്യം വളരെയേറെയാണ്. അതിനാൽ നമ്മുടെ കുട്ടികളെ ഇംഗ്ലീഷിൽ പ്രാവീണ്യമുള്ളവരാക്കിത്തീർക്കേണ്ടതുണ്ട്. ഇംഗ്ലീഷിലുള്ള ആശയവിനിമയം പ്രോത്സാഹിപ്പിച്ചും, വായനയിലും എഴുത്തിലുമുള്ള പ്രശ്നങ്ങൾ പരിഹരിച്ചും വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികവിന്റെ പാതയിലേക്ക് നയിക്കുന്ന ഒരു മഹത്തായ പദ്ധതി.

### ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- ക്ലാസ്സ് ലൈബ്രറി ,സ്കൂൾ ലൈബ്രറി
- ഇംഗ്ലീഷ് ക്ലബ്ബ്
- ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാലസഭ
- സ്റ്റോറി ഡേ
- ഇംഗ്ലീഷ് ഡേ
- ഇംഗ്ലീഷ് അസംബ്ലി
- ആകാശവാണി ക്ലബ്ബ്
- അമ്മവായന
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്യം നേടുക.
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- വായനയും എഴുത്തും പരിപോഷിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് ഭാഷയിലുള്ള വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക.
- ചുമർ പത്രിക, മാഗസിൻ എന്നിവയിലൂടെ എഴുത്ത്, വായന എന്നിവ പരിപോഷിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജമാക്കുക.
- ഭാഷാപ്രോജക്ടുകൾ തയ്യാറാക്കിയുള്ള നടത്തിപ്പ്

## പ്രവർത്തനങ്ങൾ

1. പഠന നില കണ്ടെത്തൽ -ഇംഗ്ലീഷ്

പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിഹാര പ്രവർത്തനങ്ങളുടെ പാക്കേജ് തയ്യാറാക്കുന്നു.

2. അക്ഷരം ഉറപ്പിക്കൽ

ചിത്രങ്ങളുടെയും കാർഡുകളുടെയും സഹായത്താൽ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കുക.

3. വാക്കുകളുടെയും അക്ഷരങ്ങളുടെയും രൂപീകരണം

അക്ഷരകാർഡിലൂടെയും പദകാർഡിലൂടെയും പുതിയ വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു.

4. പദശേഖരം, നിഘണ്ടു

പദങ്ങൾ ശേഖരിച്ച് അക്ഷരമാല ക്രമത്തിൽ ക്രമീകരിച്ച് സ്വന്തമായി നിഘണ്ടു രൂപപ്പെടുത്തുന്നു.

5. ഗെയിമുകൾ, പസ്സിലുകൾ

ഗെയിമുകളും പസ്സിലുകളും ഉപയോഗിച്ച് പരമാവധി വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു.

6. കഥ-ബാക്കി പറയൽ, എഴുതൽ

ഒരു കഥയുടെ കുറച്ചുഭാഗം നല്കി ബാക്കി പറയിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു.

7. കഥാപുസ്തകം നല്കൽ

വായന നടത്തി കുറിപ്പ് തയ്യാറാക്കുന്നു.

8. CD പ്രദർശനം

ചിത്രങ്ങളും കഥകളുമടങ്ങിയ CD പ്രദർശിപ്പിക്കുന്നു.ഓരോന്നിനെയും കുറിച്ച് പറയാനവസരം നൽകുന്നു. വാക്കുകളും വാക്യങ്ങളും പറയൽ ,എഴുതൽ.

9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

പ്രത്യേക പ്രവർത്തന പാക്കേജ് റിസോഴ്സ് അധ്യാപകരുടെ സഹായത്താൽ തയ്യാറാക്കുന്നു.

10. ക്ലാസ്സ് ലൈബ്രറി സജ്ജീകരണം

കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്താൽ ഇംഗ്ലീഷ് വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കുന്നു.

11. ദിനാചരണങ്ങൾ

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിനുള്ള സാധ്യതകൾ കണ്ടെത്തി വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന രീതിയിൽ നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

12. ക്ലാസ്സ് സഭ, സ്കൂൾസഭ,ബാലസഭ

ഓരോ ക്ലാസ്സിലും ബാലസഭയിൽ ഇംഗ്ലീഷ് പരിപാടികൾ ഉൾപ്പെടുത്തൽ

യോഗം സംഘടിപ്പിക്കൽ,സൃഷ്ടികൾ പരിചയം,പ്രകാശനം,അവതരണം.

13. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

ആശയവിനിമയത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. പ്രത്യേക പരിശീലനം, വിദഗ്ദരുടെ സേവനം ഉറപ്പാക്കൽ.

14. റോൾ പ്ലേ , കോറിയോഗ്രാഫി

പാഠഭാഗം , സി.ഡി.പ്രദർശനം എന്നിവയുമായി ബന്ധപ്പെട്ട് റോൾ പ്ലേ. കോറിയോ ഗ്രാഫി എന്നിവ അവതരിപ്പിക്കൽ

15. ആകാശവാണി ക്ലബ്ബ്

കുട്ടികളുടെ സർഗ്ഗ വാസനകൾ പരിപോഷിപ്പിക്കത്തക്കരീതിയിൽ വിവിധ പരിപാടികൾ ഇംഗ്ലീഷിനു പ്രാധാന്യം നല്കിക്കൊണ്ടുള്ളവ കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാർക്ക്സമ്മാനം, പ്രോത്സാഹനം.

16. വായനാസാമഗ്രികളുടെ നിർമ്മാണം,ശേഖരണം

കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കുട്ടികൾത്തന്നെ വികസിപ്പിച്ചെടുക്കുന്ന സാമഗ്രി.കുട്ടികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും പങ്കാളിത്ത ത്തോടെ രചനാശില്പശാലകൾ സംഘടിപ്പിക്കൽ, സന്ദർഭോചിതമായി സാഹിത്യകാരന്മാരുടെ സേവനം ഉറപ്പാക്കൽ

17. വ്യക്തിഗതരചന, സംഘരചന

കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തുന്നു. പുസ്തകങ്ങൾ തയ്യാറാക്കുന്നു.

18. രചയിതാക്കളെ പരിചയപ്പെടൽ

അസംബ്ലിയിൽ രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ , രചയിതാവിനെ ക്കുറിച്ച് ശേഖരിച്ച വിവരങ്ങൾപറയൽ, പങ്കുവയ്ക്കൽസംഭാവന ചെയ്ത കൃതികൾ. കുറിപ്പുകൾ, എന്നിവ പങ്കുവയ്ക്കൽ

19. ചുമർപത്രിക,പതിപ്പ്

സർഗ്ഗവാസന,വായന,എഴുത്ത് ഇവ വികസിപ്പിക്കാൻ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ഇവ തയ്യാറാക്കൽ .പ്രകാശനം.

20. ഇംഗ്ലീഷ് അസംബ്ലി

ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി നടത്തൽ, പ്രസംഗം,സ്വന്തം രചനകൾ എന്നിവ അവതരിപ്പിക്കാൻ അവസരം.

21. ഭാഷാപ്രോജക്ട്

ഭാഷ കൂടുതലറിയാനും വായനയുടെയും എഴുത്തിന്റെയും ആഴത്തിലിറങ്ങി ചെല്ലാനും ഉതകുന്ന വിവിധ ഭാഷാപ്രോജക്ടുകൾ ചെയ്യുന്നു.